# തല ഉയർത്തി നോക്കുക

## യോഹന്നാൻ 4:35

"നിങ്ങൾ തല പൊക്കി നോക്കിയാൽ നിലങ്ങൾ ഇപ്പോൾ തന്നെ കൊയ്ത്തിനു വെളുത്തിരിക്കുന്നതു കാണും എന്നു ഞാൻ നിങ്ങളോടു പറയുന്നു."

ഇവിടെ കർത്താവായ യേശുക്രിസ്തു സുവിശേഷീകരണത്തിന്റെ പ്രാധാന്യത്തെ ശിഷ്യന്മാർക്ക് വെളിപ്പെടുത്തി കൊടുക്കുകയാണ്. യേശുക്രിസ്തുവിനെ രക്ഷിതാവും നാഥനുമായി സ്വീകരിച്ച ഓരോരുത്തരേയും ഏല്പിച്ചിരിക്കുന്ന അതിമഹത്തായ ജോലിയാണ് സുവിശേഷീകരണം. കർത്താവ്, തന്റെ ഉയർപ്പിനു ശേഷം പതിനൊരുവർ ഭക്ഷണത്തിനിരിക്കുമ്പോൾ അവർക്ക് പ്രത്യക്ഷനായി അവരോട് പറഞ്ഞത്, "നിങ്ങൾ ഭൂലോകത്തിൽ ഒക്കെയും പോയി സകല സൃഷ്ടിയോടും സുവിശേഷം പ്രസംഗിപ്പിൻ"എന്നാണ്. ഇന്ന് നാം ഓരോരുത്തരിൽനിന്നും കർത്താവ് ആഗ്രഹിക്കുന്നത് ഇതുതന്നെയാണ്.

വിശുദ്ധ യോഹന്നാന്റെ സുവിശേഷം നാലാം അദ്ധ്യായത്തിൽ കൂടി കടന്നുപോകുമ്പോൾ യേശു ശമര്യക്കാരത്തി സ്ത്രീയെ കണ്ടുമുട്ടുന്നതും, അവളോട് വെള്ളം ആവശ്യപ്പെട്ട കർത്താവ് തുടർന്നുള്ള സംഭാഷണത്തിൽ താൻ മശിഹാ ആണെന്നും, തന്റെ പക്കൽ ജീവജലം ഉണ്ടെന്നും, ആ വെള്ളം കുടിക്കുന്നവന് ഒരുനാളും ദാഹിക്കുകയില്ല എന്നും വെളിപ്പെടുത്തുന്നു. ഇത് കേട്ട് കർത്താവിൽ വിശ്വസിച്ച ശമര്യസ്ത്രീ പട്ടണത്തിൽ പോയി അനേകരോട് കർത്താവിനെപ്പറ്റി സാക്ഷീകരിക്കുകയും ക്രിസ്തുവിനെ വന്നു കാണ്മീൻ എന്ന് നിർബന്ധിക്കുകയും ചെയ്യുന്നു. ഈ സാക്ഷ്യം കേട്ട അവർ കർത്താവിനെ കാണാൻ കൂട്ടത്തോടെ പുറപ്പെട്ടു വരുന്നത് കണ്ടപ്പോൾ കർത്താവ് ശിഷ്യന്മാരോട് പറയുന്നതാണ് മുകളിൽ പറഞ്ഞിരിക്കുന്ന കുറിവാക്യം.

**യോഹന്നാൻ 4:34** "എന്നെ അയച്ചവന്റെ ഇഷ്ടം ചെയ്ത് അവന്റെ പ്രവൃത്തി തികക്കുന്നതാണ് എന്റെ ആഹാരം."

കർത്താവിന്റെ ദൗത്യം എന്താണെന്ന് ശിഷ്യന്മാർക്ക് മനസ്സിലാക്കി കൊടുക്കുന്ന യേശുവിനെ നമുക്ക് ഇവിടെ കാണാം. നമ്മെ ഓരോരുത്തരേയും ഓരോ ദൗത്യം ഏല്പിച്ചിട്ടുണ്ട്. എന്നാൽ ഇന്ന് നമ്മുടെ ദൗത്യം എന്ത് എന്ന് മനസ്സിലാക്കി പ്രവർത്തിക്കുന്നവരാണോ നമ്മൾ? രക്ഷിക്കപ്പെട്ട ഓരോ ദൈവപൈതലിന്റെയും പരമപ്രധാനമായ ദൗത്യമാണ് സുവിശേഷീകരണം. ഇന്ന് നമ്മുടെ ജീവിതത്തിന്റെ ഏറിയ ഭാഗവും നമ്മൾ

അദ്ധ്വാനിക്കുന്നത് നമ്മുടെ ഉന്നമനത്തിനു വേണ്ടിയാണ്. എന്നാൽ കർത്താവിന്റെ ഹിതമെന്തെന്ന് അറിഞ്ഞ് അതിനുവേണ്ടി പ്രവർത്തിക്കുവാൻ നമുക്ക് സാധിക്കുന്നുണ്ടോ?

നമുക്ക് ഒരു ആത്മപരിശോധന നടത്തേണ്ട സമയമാണിത്. വീണ്ടും ശിഷ്യന്മാരോട് കർത്താവ് പറയുന്നത്. "ഇനി നാലുമാസം കഴിഞ്ഞിട്ടു കൊയ്തു വരുന്നു എന്നു നിങ്ങൾ പറയുന്നില്ലയോ?" ഇനിയും സമയമുണ്ട് സമയമുണ്ട് എന്ന് പറഞ്ഞിരിക്കുന്ന നമ്മോടും നമ്മുടെ കർത്താവ് പറയുന്നത് ഇതാണ് "നിങ്ങൾ തലപൊക്കി നോക്കുക." സുവിശേഷീക രണത്തിന്റെ ഒന്നാമത്തെ പടി – നമ്മിലേയ്ക്കുതന്നെ നോക്കിയിരിക്കുന്ന നമ്മോട് കർത്താവ് പറയുകയാണ് നിങ്ങൾ തലയൊന്ന് പൊക്കി നോക്കുക, കർത്താവിനെ ഒന്ന് നോക്കുക. നമ്മിലുള്ള അവന്റെ ഹിതം അറിയണമെങ്കിൽ തലപൊക്കി കർത്താവിനെ ഒന്ന് കാണണം. ഇവിടെ ശമര്യസ്ത്രീ തന്റെ മുമ്പിൽ നിൽക്കുന്നവനിൽ നിന്ന് തനിക്ക് ഒന്നും മറയ്ക്കുവാൻ സാധിക്കുകയില്ല എന്ന് മനസ്സിലാക്കിയ ആ നിമിഷം അവന്റെ മുമ്പിൽ അവളെത്തന്നെ സമർപ്പിച്ചു കൊടുത്തു.

രണ്ടാമതായി കർത്താവ് പറയുകയാണ് "നിലങ്ങൾ കൊയ്ത്തിനായി വെളുത്തിരിക്കുന്നു." കൊയ്ത്തിനായ് വെളുത്തിരിക്കുന്ന നിലങ്ങൾ കാണണമെങ്കിൽ നമ്മിൽ രൂപാന്തരം വരണം. സുവിശേഷീകരണത്തിന്റെ രണ്ടാമത്തെ പടി – രൂപാന്തരം. നമ്മിൽ യഥാർത്ഥമായ രൂപാന്തരം വന്നെങ്കിൽ മാത്രമേ നമുക്ക് ചുറ്റും രൂപാന്തരം ആവശ്യമുള്ളവരെ കാണുവാൻ സാധിക്കുകയുള്ളു. വെള്ളം കോരുവാൻ വന്ന ശമര്യസ്ത്രീ, താൻ വന്നകാര്യം മറന്ന്, വെള്ളത്തിന്റെ പാത്രം ഉപേക്ഷിച്ച്, ജീവന്റെ ജലം ആവശ്യമുള്ള അനേകരെ തിരക്കിപ്പോയി.

ഒരുപക്ഷേ അവൾ നിന്ദിക്കപ്പെടാം, പരിഹസിക്കപ്പെടാം, ആട്ടിയോടിക്കപ്പെടാം, എന്നാൽ അവളിൽ വന്ന രൂപാന്തരം ഇതൊന്നും ചിന്തിക്കുവാൻ അവളെ സമ്മിച്ചില്ല. അതെ, ക്രിസ്തുവിന്റെ ഒരു നല്ല സാക്ഷിയാകുവാൻ നമ്മുടെ ജീവിതത്തിലും പലതും നമുക്ക് ഉപേക്ഷിക്കേണ്ടതായി വരും. അന്ധകാരത്തിലായിരിക്കുന്നവരെ യഥാർത്ഥമായ വെളിച്ചത്തിലേക്ക് കൊണ്ടുവരുവാൻ, നമ്മിലുള്ള അന്ധകാരത്തെ തിരിച്ചറിഞ്ഞ് അതിനെ ഉപേക്ഷിക്കണം. അതിന് ഒറ്റ വഴിയേ ഉള്ളു. യേശുവിലേക്ക് നോക്കുക. അവൻ വെളിച്ചം ആണ്. ആ വെളിച്ചം നമ്മിലേക്ക് കടന്നു വന്ന് അത് നമ്മിൽ പ്രതിഫലിക്കും. നമ്മിലുള്ള രൂപാന്തരം കണ്ടാണ് മറ്റുള്ളവർ ക്രിസ്തുവിനെ കാണേണ്ടത്. നമ്മിൽ ഒരു മാറ്റവും വരാതെ, നമ്മൾ നമുക്ക് ചുറ്റുമുള്ളവർക്ക് ക്രിസ്തുവിനെ കാട്ടിക്കൊടുക്കുവാൻ ശ്രമിച്ചാൽ പരാജയമായിരിക്കും ഫലം.

മൂന്നാമത്തെ പടി – ദൈവവിളിയെ കേൾക്കുക. നമ്മുടെ ജീവിതത്തിൽ കർത്താവ് പലവിധ ത്തിലുള്ള സൂചനകൾ തരും. എന്നാൽ ജീവിതത്തിന്റെ തിരക്കിൽ അല്ലെങ്കിൽ എല്ലാം

തികഞ്ഞ സുഖസംതൃപ്തമായ ജീവിതത്തിന്റെ നടുവിൽ ദൈവവിളിയെ മനസ്സിലാക്കാതെ പോകാനുള്ള സാധ്യതകൾ ഏറെയാണ്. അതുകൊണ്ടാണ് വചനം നമുക്ക് മുന്നറിയപ്പ് തരുന്നത് യജമാനൻ വരുന്നത് എപ്പോഴാണെന്ന് അറിയുകയില്ല, അതിനാൽ ഉറങ്ങാതെ ഒരുക്കമുള്ളവരായിരിക്കുക എന്ന്. അതിനാൽ പ്രിയ ദൈവമക്കളെ നമ്മുടെ ഓരോരുത്തരുടെയും ജീവിതത്തിൽ അവന്റെ വിളിയെ തിരിച്ചറിഞ്ഞ് സുവിശേഷീകരണം എന്ന പരമ പ്രധാനമായ ദൗത്യം ഏറ്റെടുത്തുകൊണ്ട് ദൈവരാജ്യവിസ്തൃതിക്കായി നമുക്ക് പ്രാർത്ഥിക്കാം, പ്രവൃത്തിക്കാം. ദൈവം നമ്മെ അനുഗ്രഹിക്കുമാറാകട്ടെ.

**പരാമർശം:**

1 കൊരിന്ത്യർ 9:16

ഞാൻ സുവിശേഷം അറിയിക്കുന്നു എങ്കിൽ എനിക്കു പ്രശംസിപ്പാൻ ഒന്നുമില്ല. നിർബ്ബന്ധം എന്റെ മേൽ കിടക്കുന്നു. ഞാൻ സുവിശേഷം അറിയിക്കുന്നില്ല എങ്കിൽ എനിക്കു അയ്യോ കഷ്ടം.

1 പത്രോസ് 2:9

നിങ്ങളോ അന്ധകാരത്തിൽനിന്നു തന്റെ അത്ഭുത പ്രകാശത്തിലേക്കു നിങ്ങളെ വിളിച്ചവന്റെ സൽഗുണങ്ങളെ ഘോഷിപ്പാന്തക്കവണ്ണം തിരഞ്ഞെടുക്കപ്പെട്ട ഒരു ജാതിയും രാജകീയപുരോഹിതവർഗ്ഗവും വിശുദ്ധവംശവും സ്വന്തജനവും ആകുന്നു.

**സിസ്റ്റർ റീന ഷാജി പള്ളിപ്പാട് 012**